# യൂദാ എഴുതിയ ലേഖനം

## മുഖവുര

വിശ്വാസികളെ ദുരുപദേശങ്ങളിൽനിന്നും വിടുവിക്കുവാനും ഉപദേശ ത്തിൽ ഉറച്ചുനിൽക്കുവാനും ആഹ്വാനം നൽകുന്ന ലേഖനമാണ് യൂദയുടെ ലേഖനം. ദൈവകൃപയെ അധാർമ്മിക ജീവിതത്തിനുള്ള ലൈസൻസാക്കി തീർത്ത ദുരുപദേഷ്ടാക്കൾ അന്നു സഭയിൽ കടന്നുകൂടിയിരുന്നു. അവർക്കു വരുവാൻ പോകുന്ന ശിക്ഷാവിധിയെ ഓർമ്മിപ്പിച്ചുകൊണ്ട് വിശ്വാസികൾക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസസത്യങ്ങൾക്കുവേണ്ടി പോരാടുവാൻ ഈ ലേഖനത്തിൽ പ്രബോധിപ്പിക്കുന്നു. ജീവിതംകൊണ്ടും ഉപദേശംകൊണ്ടും ക്രിസ്തുവിനെ നിഷേധിക്കുന്ന വിശ്വാസത്യാഗികൾ സഭയ്ക്കു ദോഷം ചെയ്യുന്ന സാഹചര്യം അന്നു നിലനിന്നിരുന്നു. അവരുടെ വഞ്ചനയിൽ അകപ്പെടാതെയിരിക്കുവാനും യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ തങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളുവാനും യൂദാ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു.

ലേഖനകർത്താവ് യാക്കോബിന്റെയും യേശുവിന്റെയും സഹോദരനായ യൂദാ ആണ് (മത്താ. 13:55; മർക്കൊ. 6:3). യേശുക്രിസ്തുവിന്റെ അടിമദാസനായി തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു ശേഷമായിരിക്കണം യൂദാ ക്രിസ്തുശിഷ്യനായിത്തീർന്നത്. ക്രിസ്തുവിന്റെ ഔന്നത്യം അംഗീകരിച്ചുകൊണ്ട് അവനെ സേവിക്കുവാൻ യൂദാ മനസ്സുള്ളവനായിത്തീർന്നു. പത്രൊസിന്റെ രണ്ടാം ലേഖനത്തോടു യൂദയുടെ ലേഖനത്തിനു വളരെ സാമ്യം ഉണ്ട്. പത്രൊസ് ദുരുപദേഷ്ടാക്കന്മാർ ഭാവികാലത്തു വരും എന്നു പറയുമ്പോൾ യൂദാ അവർ സഭയിൽ പ്രവേശിച്ചിരിക്കുന്നതായി പ്രസ്താവിക്കുന്നു (4). കൂടാതെ ദുരുപദേഷ്ടാക്കളുടെ പ്രവേശനത്തെക്കുറിച്ച് അപ്പൊസ്തലന്മാർ മുമ്പു പറഞ്ഞിരുന്നു എന്നും സൂചിപ്പിച്ചിരിക്കുന്നു (17). അതുകൊണ്ട് യൂദാ തന്റെ ലേഖനം പത്രൊസിന്റെ ലേഖനത്തെ അനുകരിച്ചെഴുതി എന്നു കരുതാം. എ.ഡി. 67–68 ൽ യെരൂശലേമിൽനിന്നും ഈ ലേഖനം എഴുതി എന്ന് അഭിപ്രായപ്പെടുന്നു. യെഹൂദക്രിസ്ത്യാനികളെ പ്രത്യേകിച്ചും, സഭയെ മൊത്തമായും ലക്ഷ്യമാക്കിക്കൊണ്ടു രചിച്ച ലേഖനമാണ് ഇത്.

## ലേഖന വിഭജനം

1. ആമുഖം (1,2)
2. ലേഖനമെഴുതിയതിന്റെ ലക്ഷ്യം (3,4)
3. ദുരുപദേഷ്ടാക്കന്മാരുടെ ലക്ഷണവും ന്യായവിധിയും (5–16)
4. വിശ്വാസത്യാഗത്തെ നേരിടേണ്ട വിധം (17–23)
5. ആശീർവ്വാദം (24,25)

### അദ്ധ്യായം 1

## ആമുഖം (1,2)

യൂദാ തന്നെ വെളിപ്പെടുത്തുന്നതു യേശുക്രിസ്തുവിന്റെ അടിമദാസനും യാക്കോബിന്റെ സഹോദരനുമായിട്ടാണ്. യാക്കോബ് യെരൂശലേം സഭയിലെ ഒരു മൂപ്പനും വിശ്വാസികളാൽ അംഗീകരിക്കപ്പെട്ടവനുമായിരുന്നു (പ്രവൃ. 15). യാക്കോബിനെപ്പോലെ യൂദയും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു മുമ്പ് അവരുടെ സഹോദരനിൽ (half brother) വിശ്വസിച്ചിരുന്നില്ല (യോഹ. 7:5; മർക്കൊ. 6:3). ക്രിസ്തുശിഷ്യനായ യൂദാ ക്രിസ്തുവിന്റെ അടിമദാസനായി അറിയപ്പെടുന്നതിൽ അഭിമാനം കണ്ടെത്തിയിരുന്നു. ദാസൻ യജമാനന്റെ വകയും യജമാനന്റെ ഹിതം നിവർത്തിച്ച് അവനെ പ്രസാദിപ്പിക്കുന്നവനു മാണ്.

ഈ ലേഖനം ക്രിസ്തുവിശ്വാസികൾക്ക് എഴുതിയിട്ടുള്ളതാണ്. അവരുടെ മൂന്നു പദവികളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. അവർ വിളിക്കപ്പെട്ടവരാണ്, ദൈവത്താൽ സ്നേഹിക്കപ്പെട്ടവരാണ്, യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെടുന്നവരാണ്. അവരെ ദിവ്യവിളിയാൽ വിളിച്ചിരിക്കുന്നതു സ്നേ ഹിക്കുവാനും യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ സൂക്ഷിച്ചു പരിപാലിക്കുവാനുമാണ്. പാപപങ്കിലമായ ലോകത്തിൽനിന്നും നാം സുവിശേഷംമൂലം വിളിക്കപ്പെട്ടു. അങ്ങനെ ദൈവത്തിനു പ്രയോജനമുള്ളവരാകുവാൻ വേർതിരിക്കപ്പെട്ടു ദൈവജനം വിശുദ്ധീകരിക്കപ്പെട്ടവരാണ്. അവരെ ശത്രുവിന്റെ ആക്രമണങ്ങളിൽനിന്നും സംരക്ഷിക്കുവാൻ ദൈവം ശക്തിയുള്ളവനാകുന്നു. വിശ്വാസികൾക്കു കരുണയും സമാധാനവും സ്നേഹവും ആശംസിച്ചു കൊണ്ടു ലേഖനം ആരംഭിക്കുന്നു. ഉപദ്രവം സഹിക്കുന്നവർക്കു കനിവ് പ്രകടിപ്പിക്കുന്നവനാണ് കർത്താവ്. അവരുടെ ഹൃദയത്തിനു സ്വസ്ഥത നൽകുവാൻ അവൻ മനസ്സും കഴിവും ഉള്ളവനാണ്. അവരോടു സ്നേഹവായ്പോടെ ഏർപ്പെടുവാൻ അവനു മനസ്സുണ്ട്. ഇവ വർദ്ധിച്ചുവരട്ടെ എന്നു യൂദാ ആശംസിക്കുന്നു. കഷ്ടതയും ഉപദ്രവവും സഹിക്കുന്ന കൂട്ടുസഹോദരന്മാരെ കർത്താവിൽ ബലപ്പെടുത്തുന്നവരാകുവാൻ നമുക്ക് ഇടയാകട്ടെ.

## ലേഖനത്തിന്റെ ഉദ്ദേശം (3,4)

സ്നേഹത്തിന്റെ സംബോധനയോടെയാണ് 3-ാം വാക്യം ആരംഭിക്കുന്നത്. വീണ്ടും ജനിച്ചവർ യൂദയ്ക്കു പ്രിയരാണ്. അവർ ക്രിസ്തുവിൽക്കൂടിയുള്ള ആത്മരക്ഷയെക്കുറിച്ച് അറിയുവാൻ ആവശ്യമുള്ളവരാകുന്നു. വിശ്വാസികൾക്ക് അതിനെക്കുറിച്ച് എഴുതുവാനാണ് യൂദാ ആഗ്രഹിച്ചത്. എന്നാൽ ദുരുപദേഷ്ടാക്കന്മാർ സഭയിൽ കടന്ന് അപ്പൊസ്തലിക സത്യങ്ങൾക്കു തുരങ്കം വയ്ക്കുന്നവരാകയും അവരെ നേരിടേണ്ട സാഹചര്യം ഉണ്ടാകയും ചെയ്തു. അതുകൊണ്ട് വിശുദ്ധന്മാർക്ക് ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസസത്യങ്ങൾക്കുവേണ്ടി പോരാടുവാൻ അവരെ പ്രബോധിപ്പിച്ചെഴുതുവാൻ യൂദാ നിർബന്ധിതനായി. വിശുദ്ധന്മാർ ദൈവത്തിനായി വേർതിരിക്കപ്പെട്ടവരാണ്. എല്ലാ വിശ്വാസികളും വിശുദ്ധന്മാരാകുന്നു. അവരുടെ ജീവനും ഭക്തിക്കും ആവശ്യമായ ഉപദേശസത്യങ്ങൾ അപ്പൊസ്തലന്മാർ മുഖാന്തരം ഒരിക്കലായി നൽകിയിരുന്നു (2 പത്രൊ. 1:3; 2 തിമൊ. 3:16,17). ആ ഉപദേശ സത്യങ്ങൾക്കു കാലങ്ങൾകൊണ്ടു മാറ്റം സംഭവിക്കുന്നില്ല. സഭ പണിയപ്പെട്ടിരിക്കുന്നത് അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേലാകുന്നു (എഫെ. 2:20). അതുകൊണ്ടുള്ള ആശയം അവർ നൽകിയ ഉപദേശം എന്നാണ്. അത് കാക്കുവാനുള്ള ഉത്തരവാദിത്വം എല്ലാ വിശ്വാസികൾക്കും ഉണ്ട് (2 തിമൊ. 4:7). വിശ്വാസം കാത്തു എന്നതിന്റെ അർത്ഥം ഗൃഹവിചാരകത്വം എന്നാണ്. ദൈവമക്കൾ വിശ്വാസത്തിനുവേണ്ടി ശണ്ഠ ഇടുന്നവരാകരുത് (2 തിമൊ. 2:24). ആ സത്യങ്ങൾ മനസ്സിലാക്കി ശാന്തമായി ഉപദേശിക്കുവാൻ അവർ കഴിവുള്ളവർ ആകണം. വിശ്വാസസത്യങ്ങൾക്കുവേണ്ടി കഷ്ടം സഹിക്കുവാനും നാം മനസ്സുള്ളവരാകണം. അതിനോടു കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നവർ ദുരുപദേഷ്ടാക്കൾ ആകുന്നു. അങ്ങനെയുള്ളവർ സഭയിൽ നുഴഞ്ഞുകയറും എന്നു കർത്താവും അപ്പൊസ്തലന്മാരും (പ്രവൃ. 20:30) മുന്നറിയിപ്പു നൽകിയിരുന്നു. അവർ ദൈവജനത്തെ വശീകരിച്ചു വഴിപിഴപ്പിക്കുന്നവരാണ്. അവർ വിശ്വാസത്യാഗികൾ ആകുന്നു. ബുദ്ധിയിൽ ആത്മീയസത്യങ്ങൾ ഗ്രഹിക്കുവാൻ ശ്രമിക്കുന്നവരും വീണ്ടും ജനിക്കാത്തവരുമാണ്. അവരുടെ ഹൃദയത്തിൽ ക്രിസ്തുവിനു സ്ഥാനം ഇല്ല. അവർ അഭക്തരും സഭയിൽ നുഴഞ്ഞുകയറുവാൻ ശ്രമിക്കുന്നവരുമാണ്. ദുരുപദേഷ്ടാക്കൾ ദൈവവചനസത്യങ്ങൾ മനഃപൂർവ്വം അവഗണി ക്കുന്നു. അവർ ഭിന്നതയ്ക്കും പിളർപ്പിനും കാരണമാകും. നുഴഞ്ഞുകയറുക എന്നതുകൊണ്ടുള്ള ആശയം അന്യന്റെ ഗ്ലാസിൽ വിഷം കലർത്തുക എന്നാണ്.

ദുരുപദേഷ്ടാക്കൾ ചെയ്ത രണ്ടു ദുഷ്പ്രവൃത്തികളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. അവർ ദൈവകൃപയെ ദുഷ്കാമവൃത്തിക്കു മറയാക്കിത്തീർത്തു. രണ്ടാമതായി അവർ യേശുക്രിസ്തുവിന്റെ ആളത്വത്തെയും പ്രവൃത്തികളെയും നിഷേധിച്ചിരുന്നു. ക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യാവതാരം, നിഷ്പാപാവസ്ഥ, പ്രായശ്ചിത്തമരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാംവരവ് എന്നീ ഉപദേശങ്ങൾ നിഷേധിക്കുന്നവരാണ് ദുരുപദേഷ്ടാക്കന്മാർ. കൃപ ലഭിച്ചതു പാപം ചെയ്യുവാനുള്ള ലൈസൻസല്ല പ്രത്യുത വിശുദ്ധ ജീവിതത്തിനു നമ്മെ പ്രേരിപ്പിക്കേണ്ടതിനാകുന്നു (റോമർ 6). അസാരം പുളിമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു. പുളി ദുരുപദേശത്തെ കാണിക്കുന്നു (ഗലാ. 5:9). അതു മുളയിൽത്തന്നെ നുള്ളേണ്ടതാകുന്നു. ദുരുപദേഷ്ടാക്കൾക്കുള്ള ശിക്ഷാവിധി മുമ്പുതന്നെ നിശ്ചയിച്ചി ട്ടുള്ളതാണ്. ദൈവം ആരെയും ന്യായവിധിക്കായിട്ടു മുൻനിയമിച്ചിട്ടില്ല. പാപികൾ ശിക്ഷാവിധിക്കു വിധേയരാകുന്നത് അവർ ക്രിസ്തുവിനെ നിരസിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പാപികൾ രക്ഷിക്കപ്പെടുന്നതു ദൈവത്തിന്റെ കരുണയാൽ മാത്രമാകുന്നു (തീത്തൊ. 3:5).

## ദുരുപദേഷ്ടാക്കളുടെ ലക്ഷണവും ശിക്ഷാവിധിയും (5-16)

കള്ളപ്രവാചകന്മാരെക്കുറിച്ചും ദുരുപദേഷ്ടാക്കളെ സംബന്ധിച്ചും ബൈബിളിൽ മുന്നറിയിപ്പു നൽകിയിട്ടുണ്ട് (ആവ. 13:1-11; മത്താ. 7:15). അവർക്കുണ്ടായ ന്യായവിധിയെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ട് അവരെ ഒഴി ഞ്ഞിരിക്കുവാൻ യൂദാ പ്രബോധിപ്പിക്കുന്നു. യിസ്രായേലിന്റെ അവിശ്വാസവും അനുസരണക്കേടും മൂലം യോശുവയും കാലേബും ഒഴികെ 20 വയസ്സിനു മുകളിലുള്ള ആർക്കും വാഗ്ദത്തദേശമായ കനാനിൽ പ്രവേശിക്കുവാൻ കഴിഞ്ഞില്ല. ശേഷം ഏവരും മരുഭൂമിയിൽ ചത്തൊടുങ്ങി (സംഖ്യാ. 13,14). ദൂതന്മാർ അവരുടെ വാഴ്ച കാത്തുകൊള്ളാതെ ദൈവത്തോടു മത്സരിച്ച് അനുസരണക്കേടു കാണിച്ചതുകൊണ്ടു വീണുപോയി. അഹങ്കാരികളായ അവരെ അന്ധതമസ്സിൽ ചങ്ങലയിട്ട് അന്ത്യന്യായവിധിക്കായി സൂക്ഷിച്ചിരിക്കുന്നു (യെശ. 14:12; ലൂക്കൊ. 10:18). അസാന്മാർഗ്ഗികത നിമിത്തം സൊദോമും ഗൊമോറയും ന്യായം വിധിക്കപ്പെട്ടു (ഉല്പ.19). അന്ത്യനാളുകളിൽ ജീവിക്കുന്നവർക്ക് ഇതു ദൃഷ്ടാന്തമായി കിടക്കുന്നു. നമ്മുടെ ബുദ്ധിയുപദേശത്തിനായിട്ട് ഇവ രേഖപ്പെടുത്തിയിരിക്കുന്നു (1 കൊരി. 10:11). ദൂതന്മാർക്കുണ്ടായ പതനം അവർ കാമാസക്തരായി മനുഷ്യരുടെ പുത്രിമാരുമായി അവിഹിത ബന്ധം പുലർത്തിയതിന്റെ ഫലമായി ഉണ്ടായതാണെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

നോസ്റ്റിക്കുവാദികളായ ദുരുപദേഷ്ടാക്കന്മാരുടെ സ്വഭാവം 8 മുതലുള്ള വാക്യങ്ങളിൽ സൂചിപ്പിക്കുന്നു. അവർ സ്വപ്നം കാണുന്ന കള്ളപ്രവാചകന്മാരാണ് (ആവ. 13:1-5). അസാന്മാർഗ്ഗിക ജീവിതത്തിൽ അവർ രസിക്കുന്നു. ദൈവവചനത്തോടും ദൈവം നിയോഗിച്ച അധികാരങ്ങളോടും അവർ മത്സരിക്കുന്നു. ആത്മീയകാര്യങ്ങളോടു ബഹുമാനം കാണിക്കുന്നില്ല. അവർ ശ്രേഷ്ഠാധികാരികളെക്കുറിച്ചു ദൂഷണം പറയുന്നവരാണ്. മോശെയെ അടക്കുവാൻ നിയോഗിതനായിരുന്ന മീഖായേലിനോട് അവന്റെ ശരീരത്തിനുവേണ്ടി പിശാചു ന്യായവാദം ചെയ്തു. മോശെ കൊലപാതകനാണ്, ശരീരം അശുദ്ധമാണ് എന്നീ ന്യായവാദങ്ങൾക്കു മറുപടി പറയാതെ മീഖായേൽ തന്നെ ഭരമേല്പിച്ച ദൗത്യം നിർവ്വഹിച്ചു. പിശാചിനെ നിന്ദിക്കാതെ 'കർത്താവ് നിന്നെ ഭർത്സിക്കട്ടെ' എന്നു മാത്രം

പറഞ്ഞു. ദുരുപദേഷ്ടാക്കൾ അറിയാത്ത കാര്യങ്ങൾ പറഞ്ഞു മറ്റുള്ളവരെ ദുഷിക്കുന്ന മൃഗപ്രായരത്രെ. മൃഗങ്ങൾക്കു തുല്യം സ്വാഭാവിക ഇച്ഛകൾക്ക് അടിമപ്പെട്ടു ദുഷിച്ച ജീവിതം നയിച്ച് അവർ തങ്ങളെത്തന്നെ വഷളാക്കുന്നു.

11-13 വരെയുള്ള വാക്യങ്ങളിൽ ദുരുപദേഷ്ടാക്കളുടെ വിശ്വാസവും പഠിപ്പിക്കലും ദോഷമുള്ളവയാണെന്നു വ്യക്തമാക്കുവാൻ മൂന്നു ദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. അവർ കയീന്റെ ജീവിതശൈലി ഉള്ളവരാണ് (ഉല്പ. 4:1-15). അവൻ കൊലപാതകനും, തന്നിഷ്ടക്കാരനും, ഭൗതികവാദിയും, ദൈവവചനം അവഗണിക്കുന്നവനും, അനുതപിക്കാത്തവനും, അസൂയാലുവും, കോപിഷ്ഠ നും ആയിരുന്നു. അങ്ങനെയുള്ളവർക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ദ്രവ്യാഗ്രഹിയായ ബിലെയാമിന്റെ വഞ്ചനയുള്ളവരാണ് (സംഖ്യാ. 22-24). താൽക്കാലിക നന്മ മാത്രം ആഗ്രഹിക്കുന്നവരും നിത്യമായ അനുഗ്രഹ ങ്ങൾ അവഗണിക്കുന്നവരുമാകുന്നു. കോരഹിന്റെ മത്സരത്തിൽ നശിച്ചുപോയവർക്കു തുല്യരാണ്. മോശെ ദൈവത്താൽ നിയോഗിതനും സൗമ്യനുമായിരുന്നു. കോരഹ് മോശെയോടും അഹരോനോടും മത്സരിച്ച് അവരുടെ ശുശ്രൂഷയെ അവഗണിച്ചു. അവനെയും അവന്റെ സ്നേഹിതന്മാരെയും ഭൂമി പിളർന്നു വിഴുങ്ങിയതായി കാണുന്നു (സംഖ്യാ. 16:31-33). ദുരുപദേഷ്ടാക്കൾ ദൈവവചനത്തോടും ദൈവദാസന്മാരോടും മത്സരിക്കുന്നവർ ആകുന്നു.

12-16 വരെയുള്ള വാക്യങ്ങളിൽ വിശ്വാസത്യാഗികളുടെ നിജസ്ഥിതി വ്യക്തമാക്കിയിരിക്കുന്നു. അവർ സ്നേഹസദ്യയെ സ്വാർത്ഥതാല്പര്യങ്ങൾ ക്കായി ഉപയോഗിക്കുന്ന കപടഭക്തിയുള്ളവരാണ്. കാറ്റിൽ ഓടുന്ന വെള്ള മില്ലാത്ത മേഘങ്ങൾക്കു തുല്യം അസ്ഥിരരും പ്രയോജനശൂന്യരുമാണ് അവർ. ചത്ത വൃക്ഷങ്ങൾക്കു തുല്യം ഫലശൂന്യരാണ് ദുരുപദേഷ്ടാക്കൾ. അവരുടെ പ്രവൃത്തികൾ കടൽത്തിരകൾ കരയ്ക്കടുപ്പിക്കുന്ന വസ്തുക്കളെപ്പോലെ നിന്ദാവഹമാകുന്നു. വക്രഗതിയുള്ള നക്ഷത്രങ്ങൾ ലക്ഷ്യമില്ലാതെ സഞ്ചരിച്ചു നശിച്ചുപോകുന്നു. അതുപോലെയാണ് ഇവരുടെ ഉപദേശങ്ങൾ. അതു നാശകരവും ആത്മീയജീവിതത്തിനു ലക്ഷ്യബോധം നൽകാത്തതുമാകുന്നു. വിശ്വാസത്യാഗികൾക്കുണ്ടാകുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ചു ഹാനോക് പ്രവചിച്ചിരുന്നു. അവർ നന്ദികെട്ടവരും, പിറുപിറുക്കുന്നവരും, സ്വന്തമോഹങ്ങൾക്കനുസരിച്ചു ജീവിക്കുന്നവരും, ആത്മപ്രശംസകരും, കാര്യസാദ്ധ്യത്തിനായി മുഖസ്തുതി പറയുന്നവരുമാണ്. അഭക്തരായ ദുരുപദേഷ്ടാക്കളെ ന്യായം വിധിപ്പാൻ കർത്താവ് ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വരുന്നു എന്ന സത്യം യൂദാ ഉദ്ധരിച്ചിരിക്കുന്നു. അവരെ ഒഴിഞ്ഞിരിക്കുവാൻ യൂദാ ഉദ്ബോധിപ്പിക്കുന്നു (തീത്തൊ. 3:9-11).

## വിശ്വാസത്യാഗത്തെ നേരിടേണ്ട വിധം (17-23)

വിശ്വാസത്യാഗത്തിനെതിരെയുള്ള പ്രബോധനം ആണ് ഇവിടെ കാണുന്നത്. അത് ക്രിസ്തുവും അപ്പൊസ്തലന്മാരും മുൻപറഞ്ഞതും നാം ഓർക്കുവാൻ ആവശ്യമുള്ളതുമായ സത്യങ്ങൾ ആകുന്നു. അന്ത്യകാലത്തു പരിഹാസികൾ ഉണ്ടാകും (2 പത്രൊ. 3:3,4). ഭക്തികെട്ടവരും പരിഹാസികളുമായ അവർ സഭയിൽ നുഴഞ്ഞുകയറുവാൻ ശ്രമിക്കുന്നു. അവരുടെ ഉപദേശവും ജീവിതവും ദൈവവചനത്തിനു നിരക്കുന്നതല്ല. അവർ പ്രാകൃതന്മാരും, ആത്മാവില്ലാത്തവരും, ഭിന്നത ഉണ്ടാക്കുന്നവരും, അധാർമ്മിക ജീവിതം നയിക്കുന്നവരുമാണ്. ഇതു വിശ്വാസത്യാഗികൾ വീണ്ടും ജനിച്ചവരല്ല എന്നുള്ളതിന്റെ തെളിവാകുന്നു.

20 മുതലുള്ള വാക്യങ്ങളിൽ വിശ്വാസത്യാഗത്തിനുള്ള പ്രതിവിധി ചൂണ്ടിക്കാണിച്ചിരിക്കുന്നു. എന്നാൽ 'പ്രിയമുള്ളവരേ' എന്ന സ്നേഹത്തിന്റെ സംബോധനയോടെയാണ് പ്രബോധനം ആരംഭിക്കുന്നത്. വിശ്വാസികളുടെ ആത്മീയക്ഷേമം യൂദയ്ക്കു പ്രാധാന്യമുള്ള വിഷയമായിരുന്നു. അവർ ദൈവസ്നേഹത്തിൽ അവരെത്തന്നെ സൂക്ഷിക്കണം. ദുരുപദേശത്താൽ വഞ്ചിക്കപ്പെടാതിരിക്കുവാൻ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ ധ്യാനിച്ചുകൊണ്ടു ഭക്തിനിർഭരമായ ജീവിതം നയിക്കുവാൻ ഉദ്ബോധിപ്പിക്കുന്നു. അത് എങ്ങനെ ചെയ്യണം എന്ന് ഈ ഭാഗത്തു ചൂണ്ടിക്കാണിച്ചിരിക്കുന്നു. അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി ആത്മിക വർദ്ധനവു പ്രാപിക്കണം. അതിനു ദൈവകൃപയിലും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരണം (2 പത്രൊ. 3:18). ദൈവവചനപഠനത്തിന്റെ പ്രാധാന്യം ഇവിടെ വ്യക്തമാണല്ലോ. രണ്ടാമതായി പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കണം. ദൈവഹിതപ്രകാരം പ്രാർത്ഥിക്കണം. ബലഹീനതകൾ ദൈവസന്നിധിയിൽ സമ്മതിച്ചേറ്റുപറഞ്ഞുകൊണ്ടു പ്രാർത്ഥിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ പ്രാർത്ഥനയ്ക്കു തുണനിൽക്കുന്നു (റോമർ 8:26,27). മൂന്നാമതായി യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരിക്കുന്നവർ ആകണം. കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള സൂചനയാണ് ഇത്. വിശ്വാസികളുടെ ഭാഗ്യകരമായ പ്രത്യാശ അതാകുന്നു (തീത്തൊ. 2:12,13). അവന്റെ വരവിങ്കൽ നാം രൂപാന്തരപ്പെട്ടു തേജസ്സുള്ള ശരീരം പ്രാപിക്കും. രക്ഷയുടെ പരിപൂർത്തി അങ്ങനെ ലഭിക്കും. കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പ്രത്യാശ വിശുദ്ധജീവിതത്തിനും, വിശ്വസ്തസേവനത്തിനും, അന്യോന്യം ആശ്വസിപ്പിക്കുന്നതിനും നമുക്കു പ്രേരണ നൽകണം (1 യോഹ. 3:3; 1 കൊരി. 15:58; 1 തെസ്സ. 4:16-18). ക്രിസ്തീയ ജീവിതം ദൈവകരുണ അനുഭവിക്കുന്ന ജീവിതമാകുന്നു. അത് ആസ്വദിച്ചവർ മറ്റുള്ളവരോടു കരുണ കാണിക്കുന്നവർ ആകണം.

ദുരുപദേഷ്ടാക്കളാൽ വഞ്ചിക്കപ്പെട്ടു ക്രിസ്തീയ അടിസ്ഥാനസത്യങ്ങൾ സംശയിക്കുന്നവരോട് കരുണ കാണിക്കണം. അവരുടെ വാദമുഖങ്ങൾ സൗമ്യതയോടെ കേട്ടു വചനാടിസ്ഥാനത്തിൽ സംശയനിവാരണം ചെയ്യണം (1 പത്രൊ. 3:15). ചിലരെ തീയിൽനിന്നും വലിച്ചെടുത്തു രക്ഷിക്കണം. അവർ സത്യം വിട്ടുപോയി എന്നു മനസ്സിലാക്കി ഉടനെ യഥാസ്ഥാനപ്പെടുത്തുവാൻ എല്ലാ ശ്രമവും ചെയ്യണം. എല്ലാ നടപടികളുടെയും ലക്ഷ്യം അവരുടെ

നാശമല്ല പ്രത്യുത യഥാസ്ഥാപനം ആയിരിക്കണം. ചിലർ അപകടകരമായ നിലയിൽ ദുരുപദേഷ്ടാക്കന്മാരാൽ വഞ്ചിക്കപ്പെടാവുന്നതാണ്. അവരോട് കരുണ കാണിക്കുമ്പോൾ സ്വന്തസാക്ഷ്യം നഷ്ടപ്പെടാത്തവിധം കരുതലോടെ ഇടപെടുവാൻ ശ്രദ്ധിക്കണം. 'കറ പിടിച്ച അങ്കി പകയ്ക്കണം' എന്നതിന്റെ ആശയം അതാണ്.

**ആശീർവ്വാദം (24,25)**

വിശ്വാസികളുടെ ഭദ്രതയെക്കുറിച്ചു പ്രസ്താവിച്ചുകൊണ്ടാണ് യൂദാ ലേഖനം ആരംഭിച്ചത്. ലേഖനം അവസാനിപ്പിക്കുന്നതും സർവ്വശക്തിയുള്ള ദൈവത്താൽ അവർ പരിപാലിക്കപ്പെടുന്നു എന്നുള്ള ആശീർവ്വാദത്തോടുകൂടെയാണ്. ദുരുപദേഷ്ടാക്കളുടെ വഞ്ചനയിൽ വീഴാതെ നമ്മെ സൂക്ഷിച്ച് മഹിമാസന്നിധിയിൽ നിറുത്തുവാൻ കർത്താവ് മതിയായവൻ ആകുന്നു (2 തിമൊ. 1:12). കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാനും അവൻ ശക്തിയുള്ളവനാണ്. ക്രിസ്തുവിൽ ലഭ്യമായിരിക്കുന്ന നമ്മുടെ പദവി എത്ര ശ്രേഷ്ഠമാകുന്നു! അതിനു ക്രിസ്തു മൂലം മാർഗ്ഗം ഒരുക്കിയ ദൈവം നമ്മുടെ രക്ഷിതാവും സകല ആരാധനയ്ക്കും യോഗ്യനുമാകുന്നു. അവന്റെ തേജസ്സും, മഹിമയും, ബലവും, അധികാരവും എന്നും എന്നേക്കും ഉള്ളതാകുന്നു. കർത്താവിന്റെ വിലയേറിയ നാമം മഹത്വപ്പെടുമാറാകട്ടെ!

* * *